9879
25/9/14

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-വികലാംഗർ നടത്തുന്ന STD ബൂത്തുകളിൽ സാധനങ്ങൾ വിൽക്കുന്നതിന് അനുമതി-ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(സാധാ)നം.578/2014/സാ.നീതി.വ തിരുവനന്തപുരം, തീയതി 19.9.2014

പരാമർശം- 1. സ.ഉ(സാധാ)നം.73/11/സാ.ക്ഷേ.വ തീയതി 17.2.2011.
2. കേരള നിയമസഭാസെക്രട്ടറിയുടെ 30.6.2014 തീയതിയിലെ 19359/ ഡബ്ല്യൂ.സി & പി.എച്ച്.സി3/2010/നി.സെ നമ്പർ കത്ത്.
3. 6.8.2014 തീയതിയിലെ യോഗ തീരുമാനം.

**ഉത്തരവ്**

അംഗപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്ന ലക്ഷ്യം മുൻ നിർത്തി പരാമർശം 1 ലെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവു പ്രകാരം വികലാംഗർ നടത്തുന്ന എല്ലാ എസ്.റ്റി.ഡി ബൂത്തുകളിലും മിനറൽ വാട്ടർ, സ്നാക്ക്സ് ഐറ്റങ്ങൾ, കേരള സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ, പത്രമാസികകൾ മുതലായവ വിൽക്കുന്നതിന് അനുമതി നൽകിയിരുന്നു. ശ്രീ.മധുസൂദനൻ ആശാരി മുതൽ പേർ കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിച്ച പരാതിയിന്മേൽ സമിതി നടത്തിയ തെളിവെടുപ്പിന്റെ വെളിച്ചത്തിൽ സാമൂഹ്യനീതി വകുപ്പും ആരോഗ്യ കുടുംബക്ഷേമ വകുപ്പും കൂടിയാലോചിച്ച് ആശുപത്രി പരിസരത്ത് വികലാംഗർ നടത്തുന്ന എസ്.റ്റി.ഡി ബൂത്തുകളിൽ സ്നാക്ക്സ് ഉൾപ്പെടെയുള്ള ഭക്ഷണ പാനീയങ്ങൾ വിൽക്കുന്നതിന് കൂടുതൽ വ്യക്തത വരുത്തി പരാമർശം ഒന്നിലെ ഉത്തരവ് പരിഷ്കരിക്കണമെന്ന് പരാമർശം 2 പ്രകാരം നിർദ്ദേശിച്ചു.

6.8.2014 ൽ ഈ വിഷയം സാമൂഹ്യനീതി വകുപ്പ് ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി കൂടി ആലോചിച്ചു. ചർച്ചയുടെ വെളിച്ചത്തിൽ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. ആശുപത്രി പരിസരങ്ങളിൽ അംഗപരിമിതർ നടത്തുന്ന ബൂത്തുകളിൽ പാക്കേജ്ഡ് സ്നാക്ക്സ്, ബോട്ടിൽഡ് ജ്യൂസ്, ശീതളപാനീയങ്ങൾ എന്നിവയും ക്യാമ്പസിനു പുറത്ത് വച്ച് പാചകം ചെയ്ത വട, സമോസ തുടങ്ങിയ ലഘുഭക്ഷണങ്ങളും ചായ, കോഫി എന്നിവയും വിൽപ്പന നടത്താവുന്നതാണ്. എന്നാൽ ക്യാമ്പസിനകത്തുവച്ച് ഇവ നിർമ്മിക്കുന്നതിനായി ജ്യൂസർ, മിക്സി, ഗ്രൈന്റർ, സ്റ്റൌ, ഹീറ്റർ മുതലായ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പാടില്ല.

ആരോഗ്യത്തിനു ഹാനികരമായ ആൽക്കഹോൾ, ആൽക്കഹോൾ ഉൾക്കൊണ്ട വസ്തുക്കളോ ലഹരി പദാർത്ഥങ്ങളോ ഒന്നും ബൂത്തുവഴി വിൽക്കുവാൻ പാടില്ല. ഏതൊക്കെ ആഹാര പദാർത്ഥങ്ങൾ, പാനീയങ്ങൾ മേൽ പറയപ്പെട്ട രീതിയിൽ വിൽക്കുമ്പോഴും അതിന്റെ വൃത്തിയും ഗുണനിലവാരവും കച്ചവടക്കാർ ഉറപ്പു വരുത്തേണ്ടതും കേരള ഫുഡ് സേഫ്റ്റി ഡയറക്ടറുടെ നിർദ്ദേശങ്ങൾ പാലിക്കുകയും വേണം. ഇതിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ അതാതു ദിവസം തന്നെ ആശുപത്രി പരിസരത്തുനിന്നും നീക്കം ചെയ്ത് പരിസരം എപ്പോഴും മാലിന്യമുക്തവും വൃത്തിയുള്ളതും ആയി സൂക്ഷിക്കേണ്ടത് ബൂത്ത് ഉടമസ്ഥന്റെ ഉത്തരവാദിത്വമാണ്. അംഗപരിമിതർക്കായി നൽകിയ ടെലിഫോൺ ബൂത്തുകൾ മറ്റുള്ളവർക്ക് പാട്ടത്തിനു നൽകുവാൻ പാടുള്ളതല്ല.

പരാമർശം ഒന്നിലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള നിയമസഭ(ആമുഖക്കത്ത് സഹിതം)
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, വ്യവസായ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഭക്ഷ്യസുരക്ഷാ വകുപ്പ്, തൈക്കാട്, തിരുവനന്തപുരം
വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണർ, പൂജപ്പുര, തിരുവനന്തപുരം
സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ